LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ കീഴിൽ പട്ടത്തുവയൽ, എയ്യൻകല്ല് എന്നീ കോളനികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടത്തുവയൽ കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു 50% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തിയുടെ നടത്തിപ്പിനിടയിൽ റിവിഷൻ വരുന്നതിനാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കിയത് കോവിഡ്-19-ന്റെ അതിപ്രസരവും ലോക്ഡൗണും ആണ്. എയ്യൻകല്ല് കോളനിയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും കോളനിക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുമായി വിളിച്ചുചേർത്ത ഊരുകൂട്ടത്തിൽ നവീകരണ ഗുണഭോക്താക്കൾ നവീകരണം ആവശ്യമില്ലെന്നും ഭവന നിർമ്മാണ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പുതിയ വീടുകൾ ആവശ്യമില്ലെന്നും അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ ജലക്ഷാമവും രൂക്ഷമായിരുന്നു. ആയതിനാലാണ് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടത്.

(സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടി നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അംബേദ്കർ ഗ്രാമപദ്ധതി

16(519) ശ്രീ. കെ. ആൻസലൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഒരു കോടി രൂപ വിനിയോഗിച്ച് നവീകരിക്കുന്ന പൂഴിക്കുന്ന്, ഭാസ്കർ നഗർ കോളനികളുടെ പ്രവൃത്തികളുടെ പൂർണ്ണരൂപം വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പൂഴിക്കുന്ന് പനവിളാകം കോളനിയിൽ കനാൽ കൾവെർട്ടിന്റെ നിർമ്മാണം, നടപ്പാത നിർമ്മിക്കൽ, 13 വീടുകളുടെ മെയിന്റനൻസ്, ബോർവെല്ലിന്റെ നിർമ്മാണം എന്നിവയാണ് പ്രവൃത്തികൾ. അതിയന്നൂർ ബ്ലോക്ക് പരിധിയിലെ ഭാസ്കർ നഗർ കോളനിയിൽ 19 വീടുകളും മെയിന്റനൻസ്, പ്ലേ ഗ്രൗണ്ട് നിർമ്മാണം, ഓപ്പൺ ആഡിറ്റോറിയം, അങ്കണവാടി കെട്ടിട നിർമ്മാണം, പ്ലേ ഗ്രൗണ്ട്-ന് ചുറ്റുമതിൽ എന്നിവയാണ് പ്രധാന പ്രവൃത്തികൾ.

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവൃത്തികളിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

പൂഴിക്കുന്ന് പനവിളാകം കോളനിയിൽ നിർവഹിക്കേണ്ട പ്രവൃത്തികളുടെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഭാസ്കർ നഗർ കോളനിയിൽ 3 വീടുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഗുണഭോക്താക്കൾ ശരിയായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് ടി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായത്. കളിക്കളത്തിൽ പോസ്റ്റ് സ്ഥാപിക്കൽ, മാർക്ക് ചെയ്യൽ, കളിസ്ഥലത്തിന് ചുറ്റുമതിൽ ഉയർത്തി കെട്ടുക തുടങ്ങിയ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. ഓപ്പൺ ആഡിറ്റോറിയത്തിൽ സ്റ്റേജ് നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും, റാമ്പ് സ്ഥാപിക്കൽ തുടങ്ങിയ അന്തിമഘട്ട പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠനം മെച്ചപ്പെടുത്തൽ

17(520) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

&

(ബി) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്നും അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?